(ബി) വാർഷിക മെയിന്റനൻസ് ഇനത്തിൽ ഓരോ വസതിക്കും എന്തു തുക വീതം ചെലവാക്കിയിട്ടുണ്ട്;

(സി) മന്ത്രി മന്ദിരങ്ങളിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് വിദേശ ഉപകരണങ്ങൾ വാങ്ങുകയുണ്ടായോ; എങ്കിൽ എത്ര തുക ചെലവിട്ടു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഔദ്യോഗിക വസതികളിലേക്ക് അത്യാവശ്യം വേണ്ട ഫർണീച്ചർ, കർട്ടൻ, ലിനൻ, കട്ട്ലറി, ക്രോക്കറി, വൈദ്യുതോപകരണങ്ങൾ, കയറുൽപന്നങ്ങൾ, അടുക്കള സാധനങ്ങൾ എന്നിവ വാങ്ങി നൽകിയ ഇനത്തിലും വസതികളിലെ വിവിധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി നടത്തിയ ഇനത്തിലും ചെലവായ തുകയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.† സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ചെലവായ തുകയുടെ വിവരം ശേഖരിച്ച് വരുന്നു.†

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

എം.പി.മാരുടെ പ്രാദേശിക വികസന ഫണ്ട്

3 (739)ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എം.പി.മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുകൊണ്ട് എത്ര തുകയുടെ പ്രവൃത്തികളാണ് 1999 ഡിസംബർ 31 വരെ എം.പി.മാർ നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) അവയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) പ്രവൃത്തികൾ ആരംഭിക്കാൻ ആവശ്യത്തിലധികം കാലതാമസം ഉണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിശോധിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധം (എ)യിൽ ചേർത്തിട്ടുണ്ട്.†

(ബി) ഉത്തരം അനുബന്ധം (ബി)യിൽ ചേർത്തിട്ടുണ്ട്.†

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരാതികൾ ലഭിച്ചിട്ടില്ല.

(ഡി) എം.പി.മാർ നിർദ്ദേശിക്കുന്ന പണികൾ കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര ആസൂത്രണ പദ്ധതി നിർവ്വഹണ സഹമന്ത്രി മുഖ്യമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി ജില്ലാ കളക്ടർമാരുടെ വാർഷിക യോഗത്തിൽ അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ഉണ്ടായി. കൂടാതെ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകി വരുന്നു.

സെല്ലുലാർ/മൊബൈൽ ഫോൺ വാങ്ങുന്നതിന് നിയന്ത്രണം

4(740)ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവ് പ്രകാരം ഔദ്യോഗിക ആവശ്യത്തിന് സെല്ലുലാർ/മൊബൈൽ ഫോൺ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന മന്ത്രിസഭയിലെ ഏതൊക്കെ മന്ത്രിമാർക്ക് സെല്ലുലാർ ഫോൺ അനുവദിച്ചിട്ടുണ്ട്;

(സി) ഗവൺമെന്റ് ചീഫ് വിപ്പിന് സെല്ലുലാർ/മൊബൈൽ ഫോൺ അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ;

(ഇ) ഏതൊക്കെ ഉദ്യോഗസ്ഥരെ സെല്ലുലാർ ഫോൺ ഉപയോഗിക്കാൻ അനുവദിച്ചിട്ടുണ്ട്;

(എഫ്) മുഖ്യമന്ത്രിയ്ക്കും മന്ത്രിമാർക്കും സെല്ലുലാർ ഫോൺ അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന് എന്തു തുക ഇതുവരെ ചെലവായിട്ടുണ്ട്?

ഉത്തരം

(എ) 15.6.1998-ലെ സ.ഉ.(പി)നം. 1589/98/ധന. പ്രകാരം സംസ്ഥാന ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ ബോർഡുകൾ, യൂണിവേഴ്സിറ്റികൾ തുടങ്ങിയവയ്ക്ക് സെല്ലുലാർ ഫോൺ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 7.12.1999-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 664/99/പൊഭ.വ. പ്രകാരം എല്ലാ മന്ത്രിമാർക്കും മൊബൈൽ ഫോൺ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) തുക ഓഫീസ് ചെലവുകൾ, ടെലഫോൺ ചെലവ്, എന്നീ ബന്ധപ്പെട്ട കണക്കിനത്തിൽ നിന്നാണ് വഹിക്കുന്നത്.

(ഇ) 7.12.1999-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 664/99/ജി.എ.ഡി. പ്രകാരം ചീഫ് സെക്രട്ടറിക്കും 30.11.99-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നം. 5156/99/ആർ.ഡി.പ്രകാരം എല്ലാ ജില്ലാ കളക്ടർമാർക്കും, 19.11.98-ലെ സർക്കാർ ഉത്തരവ് (ആർ.ടി)നം. 4960/98/ഹോം പ്രകാരം ക്രമസമാധാന പാലന ചുമതലയുള്ള പോലീസ് ഡയറക്ടർ ജനറൽ, പോലീസ് ഇൻസ്പെക്ടർ ജനറൽമാർ, ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽമാർ,

LIBRARY ARCHIVES Kerala Legislative Assembly